അവാർഡുകളും, ശുഭ്രമേൻമയും നിലവാരവുമുള്ള ചിത്രങ്ങൾക്കും കുട്ടികളുടെ ചിത്രങ്ങൾക്കും നൽകിവരുന്ന ഇനികുതിയിളവ്, മികച്ച ഡോക്കുമെൻററി ചിത്രങ്ങൾ വില നൽകി വാങ്ങുവാനുള്ള പദ്ധതി, ഗവൺമെൻറ് ഉടമയിലുള്ള ടാഗോർ തിയേറ്റർ ഫിലിം സൊസൈറ്റികൾക്കു നൽകുന്ന സൗജന്യങ്ങൾ, ഗവൺമെൻറ് ഉടമയിലുള്ള സ്ഥലങ്ങളിലും സ്ഥാപനങ്ങളിലും സൗജന്യമായി നൽകിവരുന്ന ഷൂട്ടിംഗ് സൗകര്യങ്ങൾ എന്നിവയെല്ലാം മലയാള സിനിമയുടെ വളർച്ചക്കുവേണ്ടിയുള്ള പ്രോത്സാഹന പരിപാടികളിൽപ്പെടുന്നു.

(ബി) തിരുവനന്തപുരത്തിനടുത്ത് തിരുവല്ലത്ത് ആധുനിക രീതിയിലുള്ള ഒരു സ്റ്റുഡിയോ, കോർപ്പറേഷൻ നിർമ്മിച്ചിട്ടുണ്ട്. ലാബറട്ടറി എഡിറ്റിംഗ് യൂണിറ്റ്, ഔട്ട്ഡോർ യൂണിറ്റുകൾ, റെക്കാർഡിംഗ് യൂണിറ്റുകൾ മുതലായവ ഈ സ്റ്റുഡിയോയിൽ നിരന്തരം പ്രവർത്തിച്ചുവരുന്നു. ഇവിടെ ചലച്ചിത്ര നിർമ്മാണത്തിന് ആവശ്യമുള്ള എല്ലാ സൗകര്യങ്ങളും നിർമ്മാതാക്കൾക്ക് നൽകിവരുന്നു. എല്ലാ ജില്ലകളിലും സിനിമാ തിയേറ്ററുകൾ നിർമ്മിക്കണമെന്ന് പ്രാരംഭഘട്ടത്തിൽ ഉദ്ദേശിച്ചിരുന്നെങ്കിലും, അതിന് വേണ്ടിവരുന്ന ഭാരിച്ച സാമ്പത്തിക ബാദ്ധ്യത കണക്കിലെടുത്ത് തിരുവനന്തപുരത്തും കോഴിക്കോട്ടും ഓരോ ഇരട്ട തിയേറ്ററും; ചേർത്തലയിൽ ഒരു തിയേറ്ററും തിരുവനന്തപുരത്ത് കോർപ്പറേഷൻറെ ഹെഡ് ഓഫീസിനോടനുബന്ധിച്ച് ഒരു ചെറിയ തിയേറ്ററും മാത്രം തൽക്കാലം പണിതീർത്താൽ മതിയാകും എന്നാണ് തീരുമാനിച്ചിട്ടുള്ളത്. ഇവയിൽ ചേർത്തലയിലെ തിയേറ്ററിൻറേയും തിരുവനന്തപുരത്തെ ചെറിയ തിയേറ്ററിൻറേയും പണി പൂർത്തിയായി പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഇവകൂടാതെ കോർപ്പറേഷനിൽ ഒരു റിസർച്ച് ആൻറ് റഫറൻസ് വിഭാഗവും പ്രവർത്തിച്ചുവരുന്നു.

ചലച്ചിത്ര വികസന കോർപ്പറേഷൻറെ കീഴിലുള്ള തിയേറ്ററുകൾ

18 [22] ശ്രീ. കെ.കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ചലച്ചിത്ര വികസന കോർപ്പറേഷൻറെ കീഴിലുള്ള ഏതെങ്കിലും തിയേറ്ററുകൾ സ്വകാര്യ വ്യക്തികൾക്ക് വിൽക്കുന്നതിന് ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിൻറെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിനും ധനം സമാഹരിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്തും കോർപ്പറേഷൻറെ പ്രവർത്തനത്തിലിരിക്കുന്ന തിയേറ്ററുകൾ ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ കഴിയുന്നില്ല എന്ന വസ്തുതയുടെ വെളിച്ചത്തിലും കോർപ്പറേഷൻറെ പൊതുവെ മോശമായ സാമ്പത്തികസ്ഥിതി പരിഗണിച്ചും പണി പൂർത്തിയാവാത്ത ചില തിയേറ്റർ കെട്ടിടങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

തിയേറ്ററുകൾ നിർമ്മിക്കാനായി കോർപ്പറേഷൻ ഏറ്റെടുത്തിട്ടും പണി തുടങ്ങുവാൻ കഴിഞ്ഞിട്ടില്ലാത്ത ചില സ്ഥലങ്ങളും കൈയൊഴിയുന്ന കാര്യം പരിഗണിക്കണമെന്ന് കോർപ്പറേഷനോട് ഗവൺമെന്റ് നിർദ്ദേശിച്ചിരുന്നു.

സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിലെ അംഗങ്ങൾ

19 [23] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിലെ അംഗങ്ങൾ ആരെല്ലാമാണ്;

(ബി) ഇവർക്ക് പ്രത്യേക ചുമതലകൾ കൊടുത്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം;

(ഡി) 1984–85, 1985–86 സാമ്പത്തിക വർഷത്തിൽ ഓരോ വർഷവും സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് എത്ര തവണവീതം യോഗം ചേർന്നിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) മുഖ്യമന്ത്രി (ചെയർമാൻ)
ധനകാര്യമന്ത്രി (മെംബർ)
വൈസ്ചെയർമാൻ (മെംബർ) (ഒഴിവ്)
ശ്രീ. എം.എസ്. റാം. ഐ.എ.എസ്. (മെംബർ)
പ്രൊഫസർ വി.ആർ. പിള്ള (മെംബർ)
ഡോ. പി.കെ. ഗോപാലകൃഷ്ണൻ (മെംബർ)
ശ്രീ. ജി.പി. വാര്യർ (മെംബർ)
ചീഫ് സെക്രട്ടറി (മെംബർ) (എക്സ് ഒഫീഷ്യോ)
സാമ്പത്തിക വികസന കമ്മീഷണർ (മെംബർ) (എക്സ് ഒഫീഷ്യോ)
ശ്രീ. എസ്. വരദാചാരി (മെംബർ സെക്രട്ടറി)

(ബി)—ഉണ്ട്.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ഡി) 1984-85—12, 1985-86— 9

പ്രത്യേക ഘടക പദ്ധതി പ്രകാരം ചെലവാക്കാൻ നീക്കിവച്ച സംഖ്യ

20 [24] ശ്രീ. കെ.കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രത്യേക ഘടകപദ്ധതിപ്രകാരം 1982–83, 1983–84, 1984–85, 1985–86 എന്നീ ഓരോ വർഷവും ചെലവാക്കാൻ നീക്കിവച്ച സംഖ്യ എത്ര വീതം;

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly